# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1267 — 02.05.2017 ലെ മറുപടിക്ക്

## സർക്കാർ ഭൂമി കൈയ്യേറ്റം

**ചോദ്യം**

ശ്രീ.പി.സി.ജോർജ്

**ഉത്തരം**

ശ്രീ.കെ.റ്റി.ജലീൽ
(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

(എ) മൂന്നാറിൽ സർക്കാർ ഭൂമി കൈയ്യേറി പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തിയിരിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇങ്ങനെ അനധികൃത കെട്ടിട നിർമ്മാണം നടത്തിയവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(എ) മൂന്നാറിൽ സർക്കാർ ഭൂമി കൈയ്യേറി പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇപ്രകാരം നിരവധി കേസുകളിൽ കെ.ഡി.എച്ച്. നിയമം, കേരള ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും ഒഴിപ്പിയ്ക്കൽ നടപടികൾ സ്വീകരിക്കാൻ അവശേഷിക്കുന്ന കേസുകളുമുണ്ട്. അനധികൃത കൈയേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ട നിരവധി കേസുകളിൽ കൈയേറ്റക്കാരെ ഒഴിപ്പിച്ച് ഭൂമി വീണ്ടെടുത്തിട്ടുള്ളതും എന്നാൽ ചില കൈയേറ്റക്കാർ കോടതിയിൽ നിന്നും സ്റ്റേ ഉത്തരവുകൾ സമ്പാദിച്ചതിനാൽ ഒഴിപ്പിക്കൽ സാധിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ മൂന്നാർ മേഖലയിൽ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനായി എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും ബഹു:കേരള ഹൈക്കോടതിയുടെ ഡബ്ല്യൂപി(സി)1801/10, ഡബ്ല്യൂപി(സി)34095/10 എന്നീ കേസുകളിലെ 21.01.2010 ലെ വിധി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം എൻ.ഒ.സി. കരസ്ഥമാക്കാതെ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിരോധന ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. നിരോധന ഉത്തരവ് നൽകിയിട്ടും ആയതിനെ അവഗണിച്ച് നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിട ഉടമകൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(തുടർച്ച.......2)

| | |
|---|---|
| (ബി) ഇങ്ങനെ അനധികൃത നിർമ്മാണം നടത്തിയവരുടെ പേരു വിവരങ്ങളും കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളും ഏതെന്ന് വിശദമായി വ്യക്തമാക്കുമോ? | (ബി) മൂന്നാർ, ദേവികുളം, ചിന്നക്കനാൽ, പള്ളിവാസൽ എന്നീ പ്രദേശങ്ങളിലാണ് പ്രധാനമായും മേൽ പ്രസ്താവിച്ച രീതിയിലുള്ള നിർമ്മാണങ്ങൾ നടന്നിട്ടുള്ളത്. ഇപ്രകാരമുള്ള നിർമ്മാണങ്ങൾ നടത്തിയവരുടെ പൂർണ്ണമായ പേരു വിവരങ്ങൾ ശേഖരിക്കുന്നതിന് വിശദമായ പരിശോധന ആവശ്യമായിട്ടുള്ളതും അതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ